# ‘പ്രാർത്ഥന’

## യോഹന്നാൻ 14:12–14

**‘‘ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു അതിൽ വലിയതും അവൻ ചെയ്യും.’’**

ധ്യാനിക്കുവാനൊരുങ്ങുന്ന വചനഭാഗത്ത് പറഞ്ഞിട്ടുളത് നാം വിശ്വസിക്കുന്നുണ്ടോ? സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായവന്റെ വാക്കുകളാണിവ. ഏതെങ്കിലും വാക്കുകൾക്ക് ഇതിനേക്കാൾ വ്യക്തതയും ശക്തിയുമുണ്ടോ? ഈ വാഗ്ദാനം നമുക്ക് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഇവിടെ നാം പ്രാർത്ഥിക്കുന്നവരാകാൻ നമ്മുടെ ദൈവം ആഗ്രഹിക്കുകയാണ്. **യോഹന്നാൻ 16:23–24** വാക്യങ്ങളിൽ ഇതു തന്നെയാണു നമ്മോട് പറയുന്നത്. നമ്മുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നമുക്ക് തരുന്ന ഒരു ദൈവം.

എന്നാൽ നാം എന്താണു ചെയ്യുന്നത്, അവൻ ആഗ്രഹിക്കും പോലെ ആയി തീരാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? ‘ഒന്നു വീതം മൂന്നു നേരം ഒരാഴ്ചത്തേക്ക് ഭക്ഷണത്തിനു ശേഷം പിന്നെ ആവശ്യമുള്ളപ്പോൾ എന്ന വിധത്തിലല്ലേ പലപ്പോഴും നമ്മുടെ പ്രാർത്ഥന’. ഉന്നത സിംഹാസനത്തിലിരുന്ന് തന്റെ അധികാരത്തിന്റെ ചെങ്കോൽ നീട്ടുമ്പോൾ അതിന്റെ അഗ്രത്തിൽ തൊട്ട് നമ്മുടെ ആഗ്രഹം അവനെ അറിയിക്കാറുണ്ടോ? തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം നമുക്ക് തരാൻ കൊതിക്കുന്ന ഒരു ദൈവം നമുക്കുണ്ട്. എന്നിട്ടും പ്രാർത്ഥന ഉപേക്ഷിക്കുവാൻ സാത്താൻ നമ്മെ പ്രേരിപ്പിക്കുമ്പോൾ നമ്മൾ വീണു പോകുന്നു.

സാത്താൻ നമ്മോട് പറയുന്ന ഒരു കാര്യമുണ്ട് പ്രവർത്തിക്കൂ... പ്രവർത്തിക്കൂ... കൂടുതൽ സമയം മനുഷ്യനുമായി സഹവസിക്കൂ.... അങ്ങനെ പ്രാർത്ഥനയും ദൈവവുമായുള്ള ബന്ധത്തിൽ നിന്നും നമ്മെ അകറ്റി നിർത്തുക. ഇതിൽ പലപ്പോഴും അവൻ വിജയിക്കുക തന്നെ ചെയ്യുന്നു. ദൈവത്തിനു വേണ്ടി വളരെ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ അതിലേറെ നേരം പ്രാർത്ഥിക്കുകയും ചെയ്യണം. നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നില്ലെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം നമുക്കാണ്. കാരണം അവൻ ഉത്തരം തരുമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. എന്നാൽ പൗലോസിനെപ്പോലെ ധൈര്യത്തോടെ ‘എന്നോടരുളിച്ചെയ്തതു പോലെ തന്നെ സംഭവിക്കുമെന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു’ – **അപ്പൊ.പ്ര. 27:25** – എന്ന് നമുക്ക് പറയാൻ കഴിയണം.

പ്രാർത്ഥിക്കും മുൻപ് 'നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ' എന്ന് ദാവീദിനെപ്പോലെനമുക്ക് നിലവിളിക്കാം (സങ്കീ. 51:10) കാരണം 'പ്രിയമുള്ളവരെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യം ഉണ്ട്' – 1 യോഹ. 3:21; അതുകൊണ്ട് എന്ത് യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും.

അങ്ങനെയെങ്കിൽ നമുക്ക് പ്രാർത്ഥനാമാനുഷരാകാം. പ്രയത്നങ്ങൾ കൊണ്ട് പൂർത്തീകരിക്കുന്നതിനേക്കാൾ വലിയ കാര്യങ്ങൾ പ്രാർത്ഥന കൊണ്ട് പൂർത്തീകരിക്കാം. പ്രാർത്ഥന സർവ്വശക്തമാണ്. മടുത്തുപോകാതെ, ഇടവിടാതെ പ്രാർത്ഥിപ്പാൻ നമുക്കും കൃപയേകണമേ എന്ന് ദൈവത്തോട് യാചിക്കാം. മുട്ടിന്മേൽ നിൽക്കുന്ന ദൈവമക്കളാകുവാൻ ദൈവം നമ്മെയും സഹായിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :

ഫിലിപ്പിയർ 4:6

'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്.''

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 002